# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1 - ആഡിറ്റ് തടസ്സപ്പെടുത്തിയ 9,55,538/-രൂപയുടെ (ഒമ്പതുലക്ഷത്തി അമ്പത്തിഅയ്യായിരത്തി അഞ്ഞൂറ്റിമുപ്പത്തി എട്ട് രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ (സാധാ) നം2215/2016/തസ്വഭവ.** **തിരുവനന്തപുരം, തീയതി:22/07/2016**

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 16/07/2015-ലെ എം3-21843/15 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 10/02/2016-ലെ കെ.എസ്.എ 12772/പിറ്റി1/15 നമ്പർ 1 കത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2011-2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1 പ്രകാരം, 2011-2012 വർഷത്തിൽ ബഡ്ജറ്റ് യഥാസമയം പാസാക്കാതെ 9,55,538/-രൂപ (ഒമ്പതുലക്ഷത്തി അമ്പത്തയ്യായിരത്തി അഞ്ഞൂറ്റിമുപ്പത്തി എട്ട് രൂപ മാത്രം) ചെലവഴിച്ചതിന് സർക്കാർ സാധൂകരണം വാങ്ങാൻ ആഡിറ്റ് നിർദ്ദേശിച്ചിരുന്നു. 2011-2012 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് 2011 മെയ് മാസത്തിൽ മാത്രമാണ് കമ്മിറ്റിയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളത് എന്നതിനാലാണ് ആഡിറ്റ് തടസ്സം വന്നിട്ടുള്ളത്.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 28-11-2014 ലെ VIII(1)ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് ഡയരക്ടർ മുഖേന പരാമർശം(2)പ്രകാരം സർക്കാരിൽ അപേക്ഷ

സമർപ്പിച്ചിട്ടുണ്ട്. 2011-2012 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് 2011 മെയ് മാസത്തിൽ മാത്രമാണ് കമ്മിറ്റിയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളത് എന്നതിനാലാണ് ആഡിറ്റ് തടസ്സം വന്നിട്ടുള്ളത്. ബഡ്ജറ്റ് യഥാസമയം പാസാക്കുന്നതിൽ കാലതാമസം സംഭവിക്കാനുണ്ടായ സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം(2) പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയരക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ഖണ്ഡിക 3-1 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ ആഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ല എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്തിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കരുത് എന്ന നിർദ്ദേശത്തോടെ ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2011-2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 9,55,538/-രൂപയുടെ (ഒമ്പതുലക്ഷത്തി അമ്പത്തി അയ്യായിരത്തി അഞ്ഞൂറ്റിമുപ്പത്തി എട്ട് രൂപ മാത്രം) ചെലവിന് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഷിബു.എ.ടി
അണ്ടർസെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, ആലപ്പുഴ
സെക്രട്ടറി, തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
വെബ് & ന്യൂ മീഡിയ,പബ്ലിക് റിലേഷൻ വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ